LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ്ലൈനും മറ്റും സ്ഥാപിക്കുന്നതിന് സർക്കാർ ഇതര ഏജൻസികൾക്ക് ടാർ കട്ടിംഗിന് നൽകുന്ന അനുമതി

89 [705] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു റോഡുകളിൽ കൂടി കേബിളും പൈപ്പ് ലൈനും സ്ഥാപിക്കുന്നതിന് സർക്കാർ ഇതര ഏജൻസികൾക്ക് ടാർ കട്ടിംഗിന് അനുമതി നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) ഇതിലേക്ക് അപേക്ഷ സ്വീകരിക്കുന്നതും അനുമതി പുറപ്പെടുവിക്കുന്നതും ഏതു ഗ്രേഡിലുള്ള ഉദ്യോഗസ്ഥരാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനമൊട്ടാകെ ടാർ കട്ടിംഗ് നടത്തുന്നതിന് ഏതെങ്കിലും ഏജൻസികൾക്ക് മൊത്തമായി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഇ) ടാർ കട്ടിംഗ് പൂർത്തിയാക്കി ഉചിതമായ കമ്പാക്ഷൻ നിർവഹിക്കാൻ എത്ര ദിവസമാണ് അനുവദിക്കുന്നത് എന്ന് അറിയിക്കാമോ;

(എഫ്) നിശ്ചിത സമയ പരിധിക്കുള്ളിൽ പണി പൂർത്തിയാക്കാത്തവരിൽ നിന്നും പെനാൽട്ടി നിശ്ചയിച്ച് ഈടാക്കാറുണ്ടോ;

(ജി) എങ്കിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഈയിനത്തിൽ എത്ര തുക ലഭിച്ചു എന്ന് അറിയിക്കാമോ;

(എച്ച്) ടാർ കട്ടിംഗ് നടത്തുന്ന റോഡുകളിൽ യഥോചിതം കമ്പാക്ഷൻ നടത്തിയതായി വിലയിരുത്താൻ മരാമത്ത് വകുപ്പിന് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഐ) ഡിപ്പോസിറ്റ് ലഭിച്ച വർക്കുകൾ യഥാസമയം റെക്ടിഫൈ ചെയ്യാൻ നിർദ്ദേശിക്കുമോ;

(ജെ) തിരക്കേറിയ നഗരപാതകളിൽ റെക്ടിഫിക്കേഷനായി കരാർ ഉറപ്പിച്ചതിനുശേഷം മാത്രം ടാർ കട്ടിംഗിന് അനുമതി നൽകുന്ന സമ്പ്രദായം പരിഗണിക്കുമോ;

(കെ) മഴക്കാലങ്ങളിൽ ടാർ കട്ടിംഗ് അനുവദിക്കുന്നത് നിയന്ത്രണ വിധേയമാക്കുമോ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിനു ശേഷമേ കേബിളും പൈപ്പുലൈനും സ്ഥാപിക്കാവൂ. ആവശ്യമായ തുക കെട്ടിവയ്ക്കുകയും കുഴിക്കുന്ന ഭാഗം ഉടനെ മണ്ണിട്ടു മൂടി ഉചിതമായ കമ്പാക്ഷൻ നടത്തണമെന്നുമാണ് നിബന്ധന. മഴക്കാലത്ത് കുഴിക്കുന്നത് നിരോധിച്ചിട്ടുണ്ട്. പകൽ സമയം കുഴിക്കുവാൻ സമ്മതിക്കില്ല. ഗതാഗത തടസ്സം അനുവദനീയമല്ല. പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കുന്ന പ്രവൃത്തി മരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഉടൻതന്നെ നടത്തേണ്ടതുമാണ്.

(ബി) കുടിവെള്ളത്തിനുള്ള പൈപ്പുലൈനുകൾക്ക് വേണ്ടിയുള്ള കുഴികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറും കമ്മ്യൂണിക്കേഷൻ കേബിളുകൾക്ക് ആവശ്യമായ കുഴികൾ കുഴിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയുമാണ് അനുവാദം നൽകുന്നത്.

(സി ആന്റ് ഡി) സംസ്ഥാന സർക്കാരിന്റെ റൈറ്റ്സ് ഓഫ് വേ നയത്തിന്റെ അടിസ്ഥാനത്തിൽ മീറ്ററിന് 25 രൂപ എന്ന നിരക്കിൽ ബാങ്ക് ഗ്യാരന്റിയും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സ്വകാര്യ ഇന്റർനെറ്റ് സർവീസ് പ്രൊവൈഡേഴ്സ്/ടെലികോം ലൈസൻസികൾ എന്നിവർക്ക് കുത്തകാവകാശമില്ലാതെ വാടകയില്ലാതെ 15 വർഷത്തേയ്ക്ക് സംസ്ഥാന ദേശീയപാത, സംസ്ഥാന ഹൈവേ, മറ്റു റോഡുശൃംഖലകൾ എന്നിവയിൽകൂടി ഓപ്ടിക് ഫൈബർ കേബിൾ ശൃംഖല സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിൽ നിന്ന് അനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കരാറിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ സർക്കാരിനും സർക്കാർ, സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2 എം.പി.പി.എസ്.-ൽ കുറയാത്ത ബാൻഡ്വിഡ്ത്ത് അവർ സ്ഥാപിക്കുന്ന ഓപ്ടിക് ഫൈബർ കേബിൾ ശൃംഖലയിലുടനീളം സൗജന്യമായി നൽകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനായി കുഴിക്കുന്ന കുഴികൾ യഥാവിധം പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാരത്തിനനുസരിച്ച് അവ പൂർവ്വസ്ഥിതിയിലാക്കണമെന്നതാണ് വ്യവസ്ഥ. അല്ലാത്തപക്ഷം കമ്പനികൾ സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടികൾ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. നിലവിൽ കേരള കമ്മ്യൂണിക്കേഷൻസ് നെറ്റ്വർക്ക് ലിമിറ്റഡ്, ഭാരതി ടെലിസോണിക്സ്, ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ്, വി.എസ്.എൻ.എൽ. തുടങ്ങിയ കമ്പനികൾക്ക് കേബിൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതാണ്.

(ഇ) പ്രത്യേകിച്ച് ദിവസമൊന്നും പറഞ്ഞിട്ടില്ലെങ്കിലും എത്രയുംവേഗം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംവിധാനമുണ്ട്. നിശ്ചിത സമയത്ത് കമ്പാക്ഷൻ നടത്തിയില്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തി അവരിൽ നിന്ന് തുക ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഐ) നിർദ്ദേശിച്ചിട്ടുണ്ട്.

(ജെ) റെക്ടിഫിക്കേഷൻ എത്രയും പെട്ടെന്നുതന്നെ ചെയ്തുവരുന്നുണ്ട്.

(കെ) മഴക്കാലത്ത് ടാർ കട്ടിംഗ് അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ ചെയ്യുവാൻ അനുമതി നൽകാറുള്ളൂ.

സ്വകാര്യ ഏജൻസികൾ ഏറ്റെടുത്തു നടത്തുന്ന റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

90 [706] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണമാണ് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്:

(സി) ഇവ എന്നാരംഭിച്ചതാണെന്ന് പറയാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി ആന്റ് സി) ഇവയുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

മയ്യനാട് താന്നിപ്പാലത്തിന്റെ പുനർനിർമ്മാണം

91 [707] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയ്യനാട് താന്നി പാലത്തിന്റെ മുടങ്ങി കിടക്കുന്ന പണി പുനരാരംഭിക്കുവാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പാലം പണി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly